

# വൈറ്റ് ഞാവൽ
## *(syzygium cumini)*

നിത്യഹരിത ഉഷ്ണമേഖലാ വൃക്ഷം, Myrtaceae എന്ന സസ്യകുടുംബത്തിലെ അംഗം. അലങ്കാരവൃക്ഷം എന്ന നിലയിലും വളർത്താം.

ഉത്ഭവം : ഇന്ത്യൻ ഉപഭൂഖണ്ഡവും സമീപത്തു സ്ഥിതിചെയ്യുന്ന തെക്കുകിഴക്ക് ഏഷ്യൻ രാജ്യങ്ങളുമാണ് ജന്മദേശം

എത്തിച്ചേർന്ന രാജ്യങ്ങൾ : തായ്‌ലൻഡ്, ഫിലിപ്പൈൻസ്, മഡഗാസ്കർ



## വിവരണം

### മരം

വളരെ സാവകാശം വളരുന്ന മരം. 15 അടി വരെ ഉയരം വയ്ക്കാറുണ്ട്. പടർന്നു വളരുന്ന മരത്തിന് ഇടതൂർന്ന് ശാഖകൾ ഉണ്ടാവുന്നു. മരത്തിന്റെ തൊലിക്ക് വെള്ള കലർന്ന തവിട്ട് നിറമായിരിക്കും.



### പൂക്കൾ

പൂക്കൾ ചെറുതാണ്, വ്യാസം അഞ്ചു മില്ലിമീറ്റർ മാത്രം. സുഗന്ധമുണ്ട്.

### പഴം

പഴങ്ങൾ തൊലി പൊളിച്ചു കളയാതെ കഴിക്കുന്നതാണ് സാധാരണ രീതി. മാംസളമായ ഭാഗത്തിനു മധ്യേയാണ് കുരു സ്ഥിതിചെയ്യുന്നത്.





## നടീൽ പരിചരണം

**നടീൽ വസ്തു** : ബഡ്/ഗ്രാഫ്റ്റ് തൈകൾ

**നടീൽ രീതി** : തടങ്ങളെടുത്ത് കൃഷി ചെയ്യാം, നടീൽ പാത്രങ്ങളിലും കൃഷിയാകാം.

**കുഴിയുടെ അളവ്** : രണ്ട് അടി വീതം നീളം, വീതി, താഴ്ച

**ഇലത്തഴപ്പിന്റെ ആകൃതി** : ഭാഗികമായി പന്തലിച്ചത്

**ഇലത്തഴപ്പിന്റെ ഉയരം** : 10-15 അടി

**വിളവ് ലഭിക്കുന്ന സീസൺ** : ഒന്നിലധികം വിളവെടുപ്പ്

**അനുയോജ്യ നടീൽ പ്രദേശം** : ഇടനാടൻ പ്രദേശങ്ങൾ, നേരിയ ചെരിവോടു കൂടിയ മേഖലകൾ




## അനുയോജ്യമായ വളർച്ചാ സാഹചര്യങ്ങൾ



- **ജലസേചനം** : തൈകൾ ചുവടു പിടിക്കുന്നതു വരെ നനച്ചുകൊടുക്കുക, വേനൽക്കാലം നീണ്ടു നിൽക്കുകയാണെങ്കിലും നന വേണം.
- **സൂര്യപ്രകാശത്തിന്റെ ആവശ്യം** : പൂർണ്ണ സൂര്യപ്രകാശം
- **മണ്ണിന്റെ സ്വഭാവം** : പൊതുവേ ഏതു തരം മണ്ണിലും വളരും
- **താപനില** : 22-40 ഡിഗ്രി സെൽഷ്യസ്
- **ആപേക്ഷിക ആർദ്രത** : 50-70%
- **സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം** : 2000 അടി വരെ
- **മഴ** : 800-2000 മില്ലി മീറ്റർ
- **നടീൽ അകലം** : ചുവടുകൾ തമ്മിലും നിരകൾ തമ്മിലും 10 അടി
- **കൊമ്പുകോതലും വെട്ടിയൊരുക്കലും** : ആവശ്യമാണ്
- **അമ്ലക്ഷാര നില** : 5.5 മുതൽ 6.5 വരെ
- **പരാഗണം** : സ്വയം പരാഗണം

## പോഷണ പരിപാലനം

| വളം | 1-ാം വർഷം | 2-ാം വർഷം | 3-ാം വർഷം | ഇടവേള/സീസൺ |
|---|---|---|---|---|
| എൻപികെ | 100 ഗ്രാം | 150 ഗ്രാം | 200 ഗ്രാം | *വർഷത്തിൽ 2 തവണ |
| കമ്പോസ്റ്റാക്കിയ കാലിവളം | 2 കി. ഗ്രാം | 3 കി. ഗ്രാം | 4 കി. ഗ്രാം | *വർഷത്തിൽ 2 തവണ |
| സൂക്ഷ്മ മൂലകങ്ങൾ | 10 ഗ്രാം | 15 ഗ്രാം | 20 ഗ്രാം | വർഷം 2 തവണ |
| ഡോളൊമൈറ്റ് | 100 ഗ്രാം | 150 ഗ്രാം | 200 ഗ്രാം | മഴക്കാലത്തിനു മുമ്പ് |

*ശുപാർശ ചെയ്തിരിക്കുന്ന വളം പകുതി വീതം രണ്ടു തവണയായി നൽകുക



## ജലത്തിന്റെ ആവശ്യകത

| മരത്തിന്റെ പ്രായം | മരമൊന്നിന് പ്രതിദിനം വേണ്ട വെള്ളം |
|---|---|
| ഒന്നാം വർഷം | 5 ലിറ്റർ |
| രണ്ടാം വർഷം | 10 ലിറ്റർ |
| മൂന്നാം വർഷം | 15 ലിറ്റർ |



Document Prepared by
Research and Development department
Homegrown Biotech
Ph: +91 9562066333